**ഭരണഭാഷ- മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം
താഴത്തെ നില,ജഗതി
തിരുവനന്തപുരം- 695014
ഫോൺ:- 0471-2325323
e-mail: dirvhse.dge@kerala.gov.in

**നമ്പർ: VHSE/947/2025-E7** **തീയതി 31/05/2025**

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ്- തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിഭാഗം- ജീവനക്കാര്യം - ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 29/06/2021 ലെ സ.ഉ (കൈ) നം. 152/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 24/12/2021 ലെ സ.ഉ (കൈ) നം. 288/2021/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 06/11/2023 ലെ സ.ഉ (കൈ) നം. 170/2023/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
4. 19/05/2025 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

(1) മുതൽ (3) വരെയുള്ള സൂചനകൾ പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. 31.05.2025 മുതൽ 05.06.2025 വൈകുന്നേരം 5 മണി വരെ ഓൺലൈൻ മുഖേന (www.vhseportal.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന) സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

സ്ഥലംമാറ്റത്തിനായി സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളും അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് കൃത്യമായി വായിച്ച് മനസ്സിലാക്കി അതനുസരിച്ച് അപേക്ഷിക്കേണ്ടതാണ്. ആയതിനുശേഷം മാത്രമേ അദ്ധ്യാപകരും ജീവനക്കാരും ഓൺലൈൻ അപേക്ഷ പ്രിൻസിപ്പാളിനു ഫോർവേർഡ് ചെയ്യാൻ പാടുള്ളൂ.

അപേക്ഷയിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷ പ്രിൻസിപ്പൽ നിരസിക്കേണ്ടതും അദ്ധ്യാപകർ തിരുത്തൽ വരുത്തിയ അപേക്ഷ പ്രിൻസിപ്പലിന് പുന:സമർപ്പിക്കേണ്ടതുമാണ്. ട്രാൻസ്ഫറിന് അപേക്ഷിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും അപേക്ഷകൾ പ്രിൻസിപ്പൽ യഥാസമയം ഡയറക്ടറേറ്റിലേക്ക് നിർബന്ധമായും ഫോർവേർഡ് ചെയ്യേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. 2025 മേയ് 31 ന് ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിഭാഗത്തിൽ നിലവിലെ തസ്തികയിൽ 3 വർഷം അധ്യാപന സർവ്വീസ് പൂർത്തിയാക്കുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും മാത്രമേ സ്ഥലംമാറ്റത്തിനു അപേക്ഷിക്കാൻ അർഹതയുള്ളൂ. എന്നാൽ അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി അപേക്ഷിക്കുന്നവർക്ക് 3 വർഷം സമയപരിധി ബാധകമല്ല.

2. അധ്യാപകരും ജീവനക്കാരും ഒരു ഹോം സ്റ്റേഷനിൽ/ഒരു റവന്യു ജില്ലയിൽ 2025 മേയ് 31 ന് മൂന്ന് വർഷം സേവനം പൂർത്തിയാക്കിയ തസ്തികകളും, 2025 മേയ് 31 വരെയുള്ള എല്ലാ ഒഴിവുകളും,പി.എസ്.സി നിയമനം/ബൈട്രാൻസ്ഫർ നിയമനം ലഭിച്ച് മൂന്ന് വർഷം സേവനം പൂർത്തിയാക്കാത്ത അധ്യാപകരെയും ജീവനക്കാരെയും നിയമിച്ച തസ്തികകളും (conditional status),പുതുതായി ഉണ്ടാകുന്ന ഒഴിവുകളും ഓപ്പൺ വേക്കൻസി ആയിരിക്കും. 2024-25 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകൾ ഓപ്പൺ വേക്കൻസി ആയിരിക്കില്ല. 2022-23 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ചവർക്ക് തുടർന്ന് 2024-25 ലും അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ടി അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകളും conditional status ആയി കണക്കാക്കുന്നതും ആയത് 2025-26 ലെ പൊതുസ്ഥലംമാറ്റത്തിൽ ഓപ്പൺ വേക്കൻസി ആയിരിക്കുന്നതുമാണ്. 2024-25 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിനു ശേഷം ശൂന്യവേതനാവധി, അന്യത്രസേവനം എന്നിവ കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുള്ള എല്ലാ അധ്യാപകരെയും ജീവനക്കാരെയും conditional status ആക്കി പൊതുസ്ഥലംമാറ്റ ഓപ്പൺ വേക്കൻസിയിൽ ഉൾകൊള്ളിക്കുന്നതാണ്.

3. ഒരു റവന്യൂ ജില്ലയിൽ മൂന്ന് വർഷം പൂർത്തീകരിച്ച് കഴിഞ്ഞ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിഷയാടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ ലിസ്റ്റ് www.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. (ഈ ലിസ്റ്റിൽ വ്യത്യാസം വരാവുന്നതാണ്.)

4. പൊതുസ്ഥലംമാറ്റം ആവശ്യമുള്ളതും, 31/05/2025 ൽ ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർസെക്കന്ററി സ്കൂളിൽ മൂന്നുവർഷം സേവനം പൂർത്തീകരിക്കുന്നവരുമായ എല്ലാ അധ്യാപകർക്കും ജീവനക്കാർക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. പൊതുസ്ഥലംമാറ്റത്തിനായി അധ്യാപകർക്കും ജീവനക്കാർക്കും പരിധിയില്ലാതെ സ്കൂളുകൾ തിരഞ്ഞെടുക്കാവുന്നതാണ്. നിലവിൽ ഓപ്പൺ വേക്കൻസി ഇല്ലാത്ത സ്കൂളുകളിലും ഓപ്ഷൻ നൽകാവുന്നതാണ്.
5. അധ്യാപകരും ജീവനക്കാരും അവരുടെ ആശ്രിതരെ സംരക്ഷിക്കുന്നതിനായി അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ 01/06/2024 ന് ശേഷം ലഭിച്ച ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ചികിത്സാ രേഖകളും സ്ഥലംമാറ്റത്തിനുവേണ്ടിയുള്ള ഓൺലൈൻ അപേക്ഷയുടെ പകർപ്പും ആശ്രിതർ കൂടെയാണ് താമസിക്കുന്നതെന്നുള്ള റവന്യൂ അധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റും പ്രിൻസിപ്പാളിന്റെ ശുപാർശയോടുകൂടി നിർബന്ധമായും 10.06.2025 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം, താഴത്തെ നില, ജഗതി, തിരുവനന്തപുരം- 695014 എന്ന അഡ്രസ്സിൽ ലഭ്യമാക്കേണ്ടതാണ്.അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയുടെ കവറിന്റെ പുറത്ത് **പൊതുസ്ഥലംമാറ്റം അനുകമ്പാർഹം** എന്ന് ചുവന്ന മഷിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.പൊതുസ്ഥലംമാറ്റത്തിനായി പ്രഥമ ഓപ്ഷൻ നൽകുന്ന സ്കൂൾ ഏത് ജില്ലയിൽ ഉൾപ്പെടുന്നുവോ ആ ജില്ലയിലായിരിക്കും അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ പ്രസ്തുത അദ്ധ്യാപകനെയും ജീവനക്കാരനെയും പരിഗണിക്കുന്നത്.
6. പ്രത്യേക മുൻഗണനയ്ക്ക് അർഹമായവർ, അവരുടെ മുൻഗണന തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും, ഭിന്നശേഷിക്കാരായ എല്ലാ അധ്യാപകരും,ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളും അവരുടെ ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പും നിലവിൽ പ്രസവാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പും 60%-ൽ അധികം ഭിന്നശേഷിയുള്ളവരുടെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പും പ്രിൻസിപ്പാളിന് കൈമാറേണ്ടതും പ്രിൻസിപ്പൽ തീയതി വച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ പൊതുസ്ഥലംമാറ്റ അപേക്ഷയോടൊപ്പം 10.06.2025 തീയതിയ്ക്കകം ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. ക്രമപ്രകാരമല്ലാത്ത രേഖകൾ സമർപ്പിക്കപ്പെടുന്നതിന്റെയും രേഖകൾ മറച്ചു വെക്കുന്നതിന്റെയും ഉത്തരവാദിത്വം ബന്ധപ്പെട്ട അദ്ധ്യാപകർക്കും ജീവനക്കാർക്കും പ്രിൻസിപ്പൽമാർക്കും മാത്രമായിരിക്കും.
7. നിലവിൽ വകുപ്പുതല നടപടികൾ തുടർന്നുകൊണ്ടിരിക്കുന്ന അദ്ധ്യാപകരും ജീവനക്കാരും പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല.

8. പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന എല്ലാ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പൊതുസ്ഥലംമാറ്റ അപേക്ഷയുടെ പകർപ്പുകൾ, ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടൊപ്പം സ്കൂളുകളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

9. സ്കൂൾ പ്രിൻസിപ്പാൾമാരും അദ്ധ്യാപകരും ജീവനക്കാരും www.vhseportal.kerala.gov.in എന്ന പോർട്ടലിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് വേക്കൻസി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. സ്കൂളുകളിൽ നിന്നും തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ വേക്കൻസി ലിസ്റ്റിൽ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടാകാം. ആയതിനാൽ, **പൊതുസ്ഥലംമാറ്റത്തിന് ഓപ്ഷനുകൾ നൽകുമ്പോൾ പരമാവധി ഓപ്ഷനുകൾ നൽകാൻ അദ്ധ്യാപകരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.**

10. മിനിസ്റ്റീരിയൽ ജീവനക്കാർ 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി ഇപ്പോൾ അപേക്ഷിക്കേണ്ടതില്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

സ്വീകർത്താവ്:-

1. ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർമാർക്ക് (എല്ലാ ഗവൺമെന്റ് സ്കൂൾ പ്രിൻസിപ്പൽമാർക്കും പരിപത്രം ലഭ്യമാക്കേണ്ടതാണ്.)
2. എല്ലാ ഗവൺമെന്റ് സ്കൂൾ പ്രിൻസിപ്പൽമാർക്കും (അസിസ്റ്റന്റ് ഡയറക്ടർമാർ മുഖാന്തിരം)
3. എല്ലാ ജീവനക്കാർക്കും (പ്രിൻസിപ്പാൾ മുഖാന്തിരം)
4. ഡയറക്ടർ,എൻ.ഐ.സി, തിരുവനന്തപുരം
5. www.vhseportal.kerala.gov.in (പ്രസിദ്ധീകരണത്തിനായി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.